# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/405/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/405/2023 തീയ്യതി: 10/04/2023

## കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-04-2022 മുതൽ 19-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ(ഓഡിറ്റ് ഓഫീസർ)
ശ്രീമതി.ജയകുമാരിഅമ്മ.ജി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.രാകേഷ്.എം(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.സുനിൽ.യു.എസ്(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജ സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പത്മജ തോമസ് | സെക്രട്ടറി | 01-04-2021 | 12-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രവിവർമ്മകുമാർ | അസി.സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീമതി.അമ്പിളിക്കല | അസി.സെക്രട്ടറി | 13-07-2021 | 07-03-2022 |
| ശ്രീ.അജയ്.എ | അസി.സെക്രട്ടറി | 08-03-2022 | 31-03-2022 |
| ശ്രീ.സുനിൽകുമാർ | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ഷാഹുൾ ഹമീദ് | വെറ്റിനറി സർജൻ | 01-03-2021 | 18-01-2022 |
| ഡോ.മോഹനൻ.കെ | വെറ്റിനറി സർജൻ(ചാർജ്ജ്) | 19-01-2022 | 03-02-2022 |
| ഡോ.നായർ ഇന്ദിരാ ജനാർദ്ദനൻ | വെറ്റിനറി സർജൻ | 04-02-2022 | 31-03-2022 |
| ശ്രീമതി.ധന്യ | കൃഷി ഓഫീസർ | 01-04-2021 | 05-10-2021 |
| ശ്രീമതി.ജിനിഷ റാണി | കൃഷി ഓഫീസർ | 06-10-2021 | 15-10-2021 |
| ശ്രീമതി കൃഷ്ണ | കൃഷി ഓഫീസർ | 16-10-2021 | 31-03-2022 |
| ഡോ.എലിസബത്ത് എബ്രഹാം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജി.ശ്യാം കൃഷ്ണൻ | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.പ്രശാന്ത് | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 08-12-2021 |
| ഡോ.സൌമ്യ.എസ് | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ)(ചാർജ്ജ്) | 09-12-2021 | 31-03-2022 |
| ശ്രീമതി.നജീമ.എൻ | വി.ഇ.ഒ(ഇടമുളയ്ക്കൽ സർക്കിൾ) | 01-04-2021 | 17-09-2021 |
| ശ്രീമതി.തസ്ലിം റഹിം | വി.ഇ.ഒ(ഇടമുളയ്ക്കൽ സർക്കിൾ) | 18-09-2021 | 31-03-2022 |
| ശ്രീമതി.ബിനി.ഡി | വി.ഇ.ഒ.അറയ്ക്കൽ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതാ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലക്ഷ്മി പ്രീയ.എസ് | അക്രഡിറ്റഡ് എൻജിനീയർ(ചാർജ്ജ്) (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2021 | 01-08-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ചാരുത.സി.എസ് | അക്രഡിറ്റഡ് എൻജിനീയർ | 02-08-2021 | 31-03-2022 |
| ശ്രീമതി.സോണി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീമതി.പ്രേമ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ പദ്ധതി പണം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. | 1-11 |
| 13 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം. | 1-12 |
| 14 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായില്ല | 1-13 |
| 15 | സർക്കാർ സ്കൂളുകൾക്കും ഘടക സ്ഥാപനങ്ങൾക്കും ഇൻസിനറേറ്റർ വാങ്ങിയത് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-14 |
| 16 | കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ | 1-15 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തിരികെ ലഭിച്ചത് യഥാർത്ഥ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. | 1-16 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-17 |
| 19 | അളവ് കണക്കാക്കിയതിൽ വ്യത്യാസം - അധികം തുക അനുവദിച്ചു- 2221/-രൂപ നിരാകരിക്കുന്നു. | 1-18 |
| 20 | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല- കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല-1071/- രൂ. | 1-19 |
| 21 | ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-20 |
| 22 | ഭവന പുനരുദ്ധാരണം ജനറൽ- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-21 |
| 23 | അങ്കണവാടി പോഷകാഹാരം - കയറ്റിറക്ക് കടത്ത് കൂലി ഇനത്തിൽ | 1-22 |

| | | |
|---|---|---|
| | അധികമായി തുക അനുവദിച്ചു. | |
| 24 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 25 | കരാർ ജീവനക്കാരന് ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങളിലും വേതനം അനുവദിച്ചു. | 1-24 |
| 26 | ഒരേ പ്രവൃത്തിക്കായി രണ്ടു പ്രോജക്ടുകൾ-അളവുകളിൽ ആവർത്തനം, അളവ് കണക്കാക്കിയതിൽ വ്യത്യാസം-16167/- രൂ.നിരാകരിക്കുന്നു. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി പോഷകാഹാരം- കയറ്റിറക്ക് കടത്ത് കൂലി ഇനത്തിൽ അധികമായി തുക അനുവദിച്ചു. | 3-1 |
| 2 | ഒരേ പ്രവൃത്തിക്കായി രണ്ടു പ്രോജക്ടുകൾ-അളവുകളിൽ ആവർത്തനം, അളവ് കണക്കാക്കിയതിൽ വ്യത്യാസം-16167/- രൂ.നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.2.21 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 31.05.22 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1) വിവിധ ഫണ്ടുകളുടെ ചെലവ് തുക AFS മായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം | AFS പ്രകാരം | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| വികസനഫണ്ട് - ജനറൽ | 1,86,02,552/- | 1,85,35,531/- | |
| വികസനഫണ്ട് - എസ്.സി.പി | 8205809/- | 7354805/- | |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 10405628/- | 7297416/- | 10198915/- |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 6896070/- | 5487535/- | 6386955/- |

2) MGNREGS – ചെലവുതുക AFS മായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| AFS പ്രകാരം | 3250152/- |
| ക്യാഷ് ബുക്ക് പ്രകാരം | 1327136/- |

3) ലൈഫ് ലോൺ - ഗുണഭോക്താക്കൾക്ക് നൽകിയ തുക സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 11859716/- |
| സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം | 11959716/- |

4) ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവ് തുക AFS ലെ തുക സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| AFS പ്രകാരം | 3250152/- |
| സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം | 2750152/- |

5) തൊഴിൽ നികുതി, ഡിമാന്റ്, വരവ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| രജിസ്റ്റർ പ്രകാരം | 1683335/- | 1683335/- |
| എ.എഫ്.എസ് പ്രകാരം | 1550935/- | 1529935/- |

6) ലേലം, വാടക രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടിയിനത്തിലുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ചെലവ് തുക 4,50,000/-രൂപയാണ് (ബിൽ ബുക്ക് പ്രകാരം) വാർഷിക ധനകാര്യ പത്രികയിൽ 3,90,000/-രൂപയാണ്.

8) അഡ്വാൻസ് ഇനത്തിൽ (B-9 ഷെഡ്യൂൾ പ്രകാരം) വരവുള്ള നികുതി - നികുതിയേതര വരവുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9) പ്രോജക്ട് നം.137/22 (സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ) ചെലവ് തുക - 4323107/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ടി തുകയിൽ 1296235/-രൂപ Fixed Assets എന്ന ശീർഷകത്തിൽ ( R P -38) ഉൾപ്പെട്ടിട്ടുണ്ട്.

10) Capital Work In Progress – 2582616/-രൂപ ഉൾപ്പെട്ടതിന്റെ പരിശോധനയ്ക്കാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

11) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ എ.എഫ്.എസ്-ൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിച്ചിട്ടില്ല.

12)ലൈസൻസ് വരവു തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45587847/-രൂപ |
| വരവ് | 120329087/-രൂപ |
| ആകെ | 165916934/-രൂപ |
| ചെലവ് | 115056674/-രൂപ |
| നീക്കിയിരിപ്പ് | 50860260/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23205/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2144656/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23246049 | 23246049 | 232460000 | 49 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10770695 | 10770695 | 9699674 | 1071021 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20669700 | 20669700 | 10405628 | 10264072 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10257397 | 10257397 | 6896070 | 3361327 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( Tied-Bank) (ACR പ്രകാരം) | 0 | 6493000 | 6493000 | 2550136 | 3942864 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 0 | 4329000 | 4329000 | 4323107 | 5893 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | 0 | 9588688 | 9588688 | 4711720 | 4876968 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) | 0 | 729518 | 729518 | - | 729518 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| ബി-ഫണ്ട് | | - | 518160 | 518160 | 518160 | - |
| സാക്ഷരത | | 2211 | 0 | 2211 | 0 | 2211 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 76656015 | 76656015 | 76656015 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18993 | 1308143 | 1327136 | 1327136 | - |
| കേന്ദ്രാവിഷ്കത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)ICDS | | 1268874 | 1315151 | 2584025 | 2200000 | 384025 |
| TSC | | 7550724 | 154967 | 7705691 | - | 7705691 |
| സംസ്ഥാനാവിഷ്കത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ലൈഫ് – സ്റ്റേറ്റ് ഷെയർ | | 729195 | 3600000 | 4329195 | 3320000 | 1009195 |
| SSA | | 1092923 | 29808 | 1122731 | - | 1122731 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 229000291/- | 186 | 96689416/- | _ | 71 | 72% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18993/- | 1308143/- | 1327136/- | 1327136/- | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 76656015/- | 76656015/- | 76656015/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 68160/- |
| കർഷകതൊഴിലാളി പെൻഷൻ | 11139400/- |
| വിധവാപെൻഷൻ | 30093900/- |
| വാർദ്ധക്യകാലപെൻഷൻ | 53443700/- |
| വികലാംഗപെൻഷൻ | 8057600/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 658600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2023 ന് 3.30 Pm ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 111596/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷൻ മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

5)എല്ലാ ചെലവുകളും ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

6)ലേലം,വാടകടയിനങ്ങളിലെ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
7)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.1.23-28.1.23 | 10/22-12/22 | 28.2.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.18 – 27.09.18 | 2013-14 മുതൽ 2017-18 വരെ | 25.10.2018 |

## 1-11 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ പദ്ധതി പണം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഒന്നാം ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തിയാക്കി തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.
1. പ്രോജക്റ്റ് നം. 236/22
ഗാർഹിക കക്കൂസ് നിർമ്മാണം
അടങ്കൽ-1016400/-(കേന്ദ്രാവിഷ്കൃത ഫണ്ട്-792000/-, തനത് ഫണ്ട്- 224400/-)
ചെലവ്-540800/-(കേന്ദ്രാവിഷ്കൃത ഫണ്ട്-432000/-, തനത് ഫണ്ട്- 108800/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ശ്രീമതി സജിത, വൈഷ്ണവം, തേവർതോട്ടം | 6000 | 30.12.2021 |
| 2 | ശ്രീമതി ലേഖ , ലേഖ ഭവൻ, ഹൗസിംഗ് കോംപ്ലക്സ്, ഇടയം | 6000 | 09.02.2022 |
| 3 | ശ്രീമതി സത്യവതി, ആര്യ ഭവൻ, ഇടയം | 6000 | 09.03.2022 |
| 4 | ശ്രീമതി സിന്ധു, അജീഷ് ഭവൻ, ഇടയം | 6000 | 30.03.22 |

2. പ്രോജക്റ്റ് നം. 142/22

ഗാർഹിക കക്കൂസ് നിർമ്മാണം

അടങ്കൽ-600600/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 593000/-,തനത് ഫണ്ട്- 7600/-)

ചെലവ്-356000/-( ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 356000/-)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ശ്രീമതി അജിത, ആര്യ ഭവൻ, മരുതപ്പ | 6000 | 09.02.2022 |
| 2 | ശ്രീ ഷാജി, കാഞ്ഞിരംവിള വീട്, കൊമ്പേറ്റിമല | 6000 | 25.03.2022 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/28.02.2023) ടി ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം.

2020-21- ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-28 പ്രകാരം ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുക 161950/- രൂപയാണ് (23.12.2019 വരെ). ടി തുക നാളിതുവരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന്, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No. 37865651332, SBI, ആയൂർ ശാഖ) ടിയിനത്തിൽ ക്രെഡിറ്റ് വന്നിട്ടുള്ള തുകയിൽ 600000/- രൂ. ചെക്ക് നം. 710873/24.2.2023 (രസീത് നം. 1220305836/G020505 /24.2.202പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

24.2.2023-ലെ ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് 27913.10രൂപയാണ്.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും, അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിലും അവശേഷിക്കുന്ന തുകകൾ എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-13 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായില്ല

പ്രോജക്ട് നം- S0276/22

അടങ്കൽ- 204900/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 204900/- (142900/-ACR ബിൽ നം.498/25.3.22)

62000/- ACR ബിൽ നം.487/24.3.22)

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി 6 മാസത്തെ സേവനത്തിനായി സർവ്വീസ് ചാർജ്ജിനത്തിൽ 135700 രൂപയും ക്യൂ.ആർ.കോഡ് തുകയായി 12000 രൂപയും എസ്.എം.എസ് തുകയിനത്തിൽ 7200 രൂപയും ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി 50000 രൂപയും ഉൾപ്പെടെ 204900 രൂപ(142900+62000) പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള ടി പദ്ധതിയുടെ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്ന് ലാപ്പ്ടോപ്പ്, 13000 ക്യൂ.ആർ.കോഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് 10402 ക്യൂ.ആർ കോഡ് വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിച്ചതായും ശേഷിക്കുന്നവ പതിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായും

ടി പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർകത്തനങ്ങൾക്ക് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നടത്തി വരികയാണെന്നും, പൂർത്തിയാകുന്ന മുറയ്ക്ക് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

എൻക്വയറി നം. 3/28.2.23

1-14 സർക്കാർ സ്കൂളുകൾക്കും ഘടക സ്ഥാപനങ്ങൾക്കും ഇൻസിനറേറ്റർ വാങ്ങിയത് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പ്രോജക്ട് നം-231/22

അടങ്കൽ-200000/-(ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

ചെലവുതുക-198240/-(ACR ബിൽ നം.572/31.3.22)

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ പദ്ധതിയായ സർക്കാർ സ്കൂളുകൾ,ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 198240/-രൂപ ചെലവഴിച്ച് ഹെലിക്സ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 6 നാപ്കിൻ ഇൻസിറേറ്റർ മെഷീൻ വാങ്ങിയിട്ടുണ്ട്. പി.എച്ച്.സി, തടിക്കാട്-1, ഗവ.ആയുർവ്വേദ ഹോസ്പിറ്റൽ-1, ജി.എൽ.പി.എസ്, തടിക്കാട്-1, ടേക്ക് എ ബ്രേക്ക്, ആയൂർ- 2, ഗ്രാമപഞ്ചായത്ത് ഓഫീസ് - 1 എന്നീ സ്ഥാപനങ്ങൾക്കാണ് മെഷീൻ വാങ്ങിയിട്ടുള്ളത് 27.2.23 ൽ ജി.എൽ.പി.എസ്, തടിക്കാട് എന്ന സ്ഥാപനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഉപകരണം ലഭിച്ചിട്ടില്ല എന്ന് സ്കൂൾ അധികൃതർ അറിയിച്ചു. വാങ്ങിയ മെഷീനുകൾ വിതരണം ചെയ്തതിന്റെയും ആയവ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഇൻസിനറേറ്റർ സ്ഥാപിച്ച് വിവരമറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.ഭൌതിക പരിശോധനയിൽ വാങ്ങിയ മെഷീനുകൾ സീൽ പോലും പൊട്ടിക്കാതെ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു.

ഒരു വർഷ വാറന്റിയോടെ വാങ്ങിയ മെഷീനുകൾ വാറന്റി പീരിയഡ് അവസാനിക്കാറായിട്ടും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാത്തതിനാൽ വാറന്റിയുടെ പ്രയോജനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നു.കൂടാതെ 6 മാസത്തെ ഫ്രീ സർവ്വീസും നഷ്ടപ്പെട്ട അവസ്ഥയിലാണ്. മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 6 നാപ്കിൻ ഇൻസിനേറ്റർ മെഷീനുകൾ പ്രവർത്തനക്ഷമമാക്കി വിവരം ലഭ്യമാക്കുന്നതുവരെ ടിയിനത്തിൽ ചെലവഴിച്ച 198240/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.3/28.2.23
തടസ്സം - 198240/-രൂപ

1-15 കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം- S0234/22

അടങ്കൽ-100000/-(തനതുഫണ്ട്)

ചെലവ്-37497/-(ACR ബിൽ നം. 419/8.3.22)

57186/-(ACR ബിൽ നം.387/23.2.22)ഉ

സെക്രട്ടറി നിർവ്വഹണം നടത്തിയ എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 94683/- രൂപ ചെലവഴിച്ചു. Gem മുഖേന Intrilogy എന്ന സ്ഥാപനത്തിൽ നിന്നും Acer Desktop Computer -1 എണ്ണം (37497/- രൂപ),

കെൽട്രോണിൽ നിന്നും Acer Desktop Computer -1 എണ്ണം (31280/- രൂപ), പ്രിന്റർ-2 എണ്ണം (25906/- രൂപ)എന്നിവ വാങ്ങുന്നതിനായിട്ടാണ് തുക ചെലവഴിച്ചത്. Intrilogy എന്ന സ്ഥാപനത്തിൽ നിന്നും Computer -1 എണ്ണം ലഭിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും Computer -1 എണ്ണം, പ്രിന്റർ-2 എണ്ണം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിയ്ക്ക് കെൽട്രോണിൽ നിന്നും 44855/- രൂപയ്ക്ക് കമ്പ്യൂട്ടർ ലഭിച്ചതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. കെൽട്രോൺ മുഖേന കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി 57186/- രൂപ ഒടുക്കുവരുത്തിയതിൽ കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായത്. വർക്ക് ഓർഡർ ജനറേറ്റ് ചെയ്യുന്ന സമയത്ത് ഉപകരണങ്ങൾ സ്റ്റോക്കില്ല എന്നും പുതിയ സ്റ്റോക്ക് വന്നപ്പോൾ തുക റിവൈസ് ചെയതതിനാലും കമ്പ്യൂട്ടറിന് അധിക വില നൽകേണ്ടി വന്നതായും കെൽട്രോണിന് നൽകിയ തുകയിൽ ശേഷിക്കുന്ന 12331/- രൂപ തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് കത്തു നൽകിയിട്ടുണ്ട് എന്നുള്ള വിവരം കൂടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 3/28.2.23

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തിരികെ ലഭിച്ചത് യഥാർത്ഥ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

2020-21 സാമ്പത്തികവർഷത്തെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയായ 3394000/- രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ പേർക്ക് നൽകിയിരുന്നു. വിനിയോഗശേഷം 3.12.2022 ലെ രസീത് നം. 122303089പ്രകാരം തിരികെ ലഭിച്ച 752055/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ അക്കൌണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തതിനാൽ ധനകാര്യകമ്മീഷൻ അവാർഡ് തുക തനത് ഫണ്ടായി വകമാറ്റി. ടി തുക ബന്ധപ്പെട്ട അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2021-22 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 116015000/-രൂ. വകയിരുത്തി 254482 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 228107 തൊഴിൽദിനങ്ങൾ (89.64%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 77593000/- രൂ. ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 66.88%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1024 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | പുരയിടം തട്ടുതിരിക്കൽ | 220 | 216 | 14 | 202 | 6.36 |
| 2 | തരിശ് നിലം കൃഷിയോഗ്യമാക്കൽ | 22 | 2 | 0 | 2 | 0 |
| 3 | മൺ കയ്യാല | 220 | 183 | 23 | 160 | 10.45 |
| 4 | തോട് നവീകരണം | 152 | 108 | 60 | 48 | 39.47 |
| 5 | മഴക്കുഴി നിർമ്മാണം | 220 | 141 | 0 | 14 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 6 | തോടിന്റെ വശങ്ങളിൽ കയർ ഭൂവസ്ത്രം | 22 | 5 | 0 | 5 | 0 |
| 7 | റോഡ് | 75 | 35 | 17 | 18 | 22.67 |
| 8 | ചിറ | 15 | 3 | 1 | 2 | 6.67 |
| 9 | വ്യക്തിഗതം | 800 | 225 | 117 | 108 | 14.63 |

ഫണ്ടിന്റെ ലഭ്യതക്കുറവു മൂലമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതെന്നും, എല്ലാ പ്രവൃത്തികളും ഫണ്ട് ലഭ്യമായാലുടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-18 അളവ് കണക്കാക്കിയതിൽ വ്യത്യാസം - അധികം തുക അനുവദിച്ചു- 2221/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 104/22 |
| പ്രോജക്ടിന്റെ പേര് | ചോലത്തറ എസ്.സി.കോളനി നടപ്പാത നിർമ്മാണം (വാർഡ്-21) |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 150000/-രൂ. (Plan-SCP) |
| കരാറുകാരൻ | ശ്രീ. സത്യരാജൻ.കെ. (130810.36രൂ.) |
| എഗ്രിമെന്റ് നം/തീയതി | 13/AE/LSGD/EDML/21-22/5.10.21 |
| ബിൽ നം./തീയതി, തുക | 11/21-22/22.12.21, 95836/- രൂ. |
| എം. ബുക്ക് നമ്പർ | 159/21-22 |

ചെലവിന്റെ വിശദാംശം

കരാറുകാരന് അനുവദിച്ച തുക

ആകെ പ്രവൃത്തിമൂല്യം - 85568/-

(+) 12% GST - 10268/-

----------

95836/-

(-) IT 1% -856

WWF 1% -856

SGST 1%- 856

CGST 1% 856

------------

3424/-

കരാറുകാരന് നൽകിയത്- 92412/- രൂ.

===========

എസ്റ്റിമേറ്റ് ഇനം-1-Surface Dressing എന്ന ഇനം എം.ബുക്ക് പേജ് നം. 2-ൽ 105.335m2 കണക്കാക്കി 20.19/m2 നിരക്കിൽ 2126.71 രൂ. അനുവദിച്ചു. പ്രസ്തുത 105.335m2ഭാഗം 10cm കനത്തിൽ കോൺക്രീറ്റിംഗ്

നടത്തുമ്പോൾ ആവശ്യമായ കോൺക്രീറ്റിന്റെ അളവ് 10.5335m3 ആണ്. എന്നാൽ എസ്റ്റിമേറ്റ് ഇനം-2 പ്രകാരം Providing Plain Cement Concrete For Wearing Coat CC1:2:4 , 10.8 M3 ചെയ്തതായി രേഖപ്പെടുത്തി 7726/m3 നിരക്കിൽ 83440/-രൂ. അനുവദിച്ചു. ഇനം-1 Surface Dressing- ന്റെ ഒരു അളവ് 1x10.50x(2.20+2.0)/2= 22.05m2 എന്ന് എം.ബുക്ക് പേജ് നം. 1-ൽ രേഖപ്പെടുത്തിയത് കൃത്യമാണ്. എന്നാൽ പ്രസ്തുത ഭാഗം കോൺക്രീറ്റ് ചെയ്തതിന്റെ അളവ് ഇനം-2-ആയി എം.ബുക്ക് പേജ് നം. 3-ൽ രേഖപ്പെടുത്തിയിരിക്കുന്നത് 1x10.5x(2.70+2.0)/2x0.1=2.4675m3 എന്നാണ്. യഥാർത്ഥത്തിൽ 22.05m2 ഭാഗം 10 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുമ്പോൾ 2.205m3 ആണ് വരേണ്ടത്. ഈ വ്യത്യാസം മൂലമാണ് ഇനം -2 -ന്റെ ആകെ അളവ് 10.5335m3 ന് പകരം 10.8m3 എന്ന് തെറ്റായി രേഖപ്പെടുത്തി അധികം തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിന് അനുവദനീയമായ തുക 10.5335 M3 @ 7726/m3= 81382/-രൂപയാണ്. അധികം അനുവദിച്ച തുക 2058/- രൂപ.

മേൽ സൂചിപ്പിച്ച ഇനത്തിന് യഥാർത്ഥത്തിൽ അനുവദനീയമായ തുക ഉൾപ്പെടുത്തുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തിലും കുറവു വരുന്നുണ്ട്. കരാറുകാരന് അനുവദിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം - 83510/-

(+) 12% GST - 10021/-

----------------------

93531/-

(-) IT 1% -835

WWF 1% -835

SGST 1%- 835

CGST 1% - 835

------------

3340/-

കരാറുകാരന് നൽകേണ്ടത്- 90191/- രൂ.

===========

കരാറുകാരന് അധികം നൽകിയത് = 92412-90191 = 2221/-രൂ.

അധികം നൽകിയ തുക 2221/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/28.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-19 നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല- കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല-1071/- രൂ.

PWD Manual, ഖ. 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുക (PAC) യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാവുന്നതാണ്. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. എന്നാൽ, അസി.എഞ്ചിനീയർ തൻവർഷം നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് നിയമാനുസൃത കാലയളവിനുള്ളിൽ ചമയ്ക്കാതിരുന്നിട്ടും, കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 114/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആലക്കുന്ന് കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം (വാർഡ്-9) |
| അടങ്കൽ തുക | 1,50,000/- രൂ.(Plan-SCP) |
| കരാറുകാരൻ | ശ്രീ. ഷാജഹാൻ.പി.(107050.74 രൂ.) |
| പി.എ.സി | 107050.74 രൂ. |
| എം.ബുക്ക് നം. | 295/21-22 |
| ബിൽ നം./തീയതി, തുക | 39/21-22/11.3.2022- 117496/- |
| സെലക്ഷൻ നോട്ടീസ് തീയതി | 30.9.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 13.10.2021 |
| എഗ്രിമെന്റ് നം/തീയതി | 34/AE/LSGD/EDML/21-22/ 20.10.2021 |
| ഈടാക്കേണ്ട പിഴ (പി.എ.സി.യുടെ 1%) | 1071/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/28.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പിഴയിനത്തിലുള്ള 1071/-രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ, കരാറുകാരനിൽ നിന്നോ ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-20 ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയില്ല.

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം അധികാരിയായി നടപ്പാക്കിയ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പിൻവലിച്ച തുക | പിൻവലിച്ച തീയതി |
|---|---|---|
| 1 | 383100 | 14.07.2021 |
| 2 | 323146 | 12.08.2021 |
| 3 | 377704 | 10.09.2021 |
| 4 | 408711 | 30.09.2021 |
| 5 | 436555 | 29.10.2021 |
| ആകെ | 1929216 | |

മേൽപറഞ്ഞ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ പ്രസ്തുത രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ തുകകളുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 1929216 രൂപ
ഓഡിറ്റ് എൻക്വയറി- 05/28.02.2023

1-21 ഭവന പുനരുദ്ധാരണം ജനറൽ- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് - വീട് വാസയോഗ്യമാക്കൽ ജനറൽ
പ്രോജക്ട് നമ്പർ – 25/21
നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

മേൽ പരാമർശിച്ച പദ്ധതി പ്രകാരം ശ്രീ.ഷിബു, പി.എം, മാംപൊയ്കയിൽ വീട് മരുതപ്പ, (വാർഡ് 5) എന്ന ഗുണഭോക്ത്താവ് ഒന്നാം ഗഡു ആയി 25000/- രൂപ (ബിൽ നം-29/10-2-21) കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ഈ വിവരം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. ആയതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പുരോഗതി വിലയിരുത്തി ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി-നം- 6/28.02.23

1-22 അങ്കണവാടി പോഷകാഹാരം - കയറ്റിറക്ക് കടത്ത് കൂലി ഇനത്തിൽ അധികമായി തുക അനുവദിച്ചു.

2021-22 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.31 അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിയിൽ സപ്ലൈകോയിൽ നിന്നും ആഹാര സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് സ്വീകരിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്കായ കിലോഗ്രാമിന് 1.47 രൂപ രേഖപ്പെടുത്തിയ ശ്രീ ഖായിസ് ഖാൻ എന്ന വ്യക്തിക്ക് 16.07.2021ലെ കമ്മിറ്റി തീരുമാനം അനുസരിച്ച് ആയത് അംഗീകരിച്ചു നൽകി. എന്നാൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ടിയാന് ഈ നിരക്കിൽ അധികമായി തുക നൽകി.

| ക്രമ നം. | ബിൽ നമ്പർ | ബിൽ പ്രകാരമുള്ള ആഹാര സാധനങ്ങൾ (കി.ഗ്രാം) | അനുവദിക്കേണ്ട തുക | അനുവദിച്ച തുക, തീയതി | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 0204109/21622 തീയതി 30.09.21 | 10618 | 15608 | 20029 | 4421 |
| 2 | 0204109/21847 തീയതി 29.11.21 | 10970 | 16126 | 16725 | 599 |
| 3 | 0204109/21142 തീയതി 31.12.21 | 2150 | 3160.5 | 3504.5 | 344 |
| 4 | 0204109/211392 തീയതി 29.01.22 | 10466 | 15385 | 17059 | 1674 |
| | | | | ആകെ | 7038 |

അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി മറ്റൊരു തുകയെ പരാമർശിച്ചിട്ടുള്ളതായിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 04/28.02.2023

നിരാകരണം - 7038/-രൂപ

1-23 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം- 77/22, ഭൂരഹിത ഭവനരഹിതർ

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

അടങ്കൽ- 38220400/- (സംസ്ഥാനാവിഷ്കൃത ഫണ്ട് - 8000000/-, ബ്ലോക്ക് വിഹിതം -3000000/- ജില്ലാ

വിഹിതം – 11000000/-, ലോൺ -17600000/-)
ചെലവ്- 14680000/- (സംസ്ഥാനാവിഷ്കൃത ഫണ്ട് – 1160000/-, ബ്ലോക്ക് വിഹിതം -1100000/- , ലോൺ -9259716/- )
2021-22 സാമ്പത്തിക വർഷം ലൈഫ് ഭവനപദ്ധതിയിൽ ഒന്നാം ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം ആരംഭിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക(₹) | തീയതി |
|---|---|---|---|
| 1 | ശ്രീമതി. വത്സല,<br>ശ്രീ മന്ദിരം<br>പെരുമണ്ണൂർ | 40000/- | 18.10.2021 |
| 2 | ശ്രീമതി. രാധാമണി<br>സുരേഷ് ഭവൻ,<br>ചെമ്പകരാമനല്ലൂർ | 40000/- | 18.10.2021 |

ഭവനനിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ആയത് പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.-6 തീയതി-28/02/23

## 1-24 കരാർ ജീവനക്കാരന് ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങളിലും വേതനം അനുവദിച്ചു.

പ്രോജക്ട് നമ്പർ 48/22 പ്രകാരം ഗ്രാമപഞ്ചായത്തിലെ തടിക്കാട് പി എച്ച് സി യിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ രേഖ എസ് -ന്റെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 2021 സെപ്റ്റംബർ മാസം 14 മുതൽ 23 വരെ യാതൊരു രേഖപ്പെടുത്തലും ഉണ്ടായിരുന്നില്ല. എന്നാൽ 06.10.21ലെ ട്രഷറി ബിൽ പ്രകാരം ടിയാൾക്ക് ഈ മാസം കരാർ പ്രകാരം മുഴുവൻ തുകയായ 51600/- രൂപ അനുവദിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/28.02.23) മറുപടിയായി ജില്ലാ മെഡിക്കൽ ഓഫീസറുടെ അടിയന്തിര ഫോൺ സന്ദേശം മുഖേന ഇക്കാലയളവിൽ പ്രസ്തുത ഡോക്ടറെ നെടുമ്പന ടി.ബി. ആശുപത്രിയിലെ സി.എഫ്.എൽ.ടി.സി.യിൽ ഡ്യൂട്ടിയിൽ നിയോഗിച്ചതായി അറിയിച്ചു. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത മാസം വേതനം ഇനത്തിൽ അധികമായി അനുവദിച്ച 17200/- (10 ദിവസത്തെ വേതനം) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ടി കാലയളവിൽ പ്രസ്തുത ഉദ്യോഗസ്ഥ മറ്റിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം - 17200/- രൂപ
ഓഡിറ്റ് എൻക്വയറി-09/28.02.2023

## 1-25 ഒരേ പ്രവൃത്തിക്കായി രണ്ടു പ്രോജക്ടുകൾ-അളവുകളിൽ ആവർത്തനം, അളവ് കണക്കാക്കിയതിൽ വ്യത്യാസം-16167/- രൂ.നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 205/22 (432/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | തച്ചക്കോട് അങ്കണവാടി റൂഫിംഗ് |
| നിർവഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 100000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. രാജേഷ്. എസ്.(0.02% കറവ്) |
| എഗ്രിമെന്റ് നം/തീയതി | 144/AE/LSGD/EDML/20-21/20.10.20 |
| ബിൽ നം./തീയതി, തുക | 10/21-22/22.12.2021, 98072/- രൂ. |
| എം. ബുക്ക് നമ്പർ | 142/21-22 |

ചെലവിന്റെ വിശദാംശം

CC-I & FINAL

ആകെ പ്രവൃത്തിമൂല്യം - 87582/-

(-) ടെണ്ടർ കുറവ് 0.02%- 18/-

---------

87564/-

(+) 12% GST - 10508 /-

----------

98072/-

(-) IT 1% -876

WWF 1% -876

SGST 1%- 876

CGST 1% - 876

ഫൈൻ- 876

------------

4380/-

===========

കരാറുകാരന് നൽകിയത്- 93692/- രൂ.

"തച്ചക്കോട് അങ്കണവാടി റൂഫിംഗ് " എന്ന പ്രസ്തുത പ്രോജക്ടിൽ (നം.205/22)ഉൾപ്പെട്ടിരുന്ന ഏതാനും ചില ഇനങ്ങളുടെ തുക/ബാക്കി തുക നൽകിയത് പ്രോജക്ട് നം.208/22-ൽ (സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ) ഉൾപ്പെടുത്തിയാണ്. എസ്റ്റിമേറ്റ് അപ്പൻഡിക്സ് (1) ആയി ജി.എൽ.പി.എസ്, തടിക്കാട് റൂഫിംഗം, അപ്പൻഡിക്സ് (2) ആയി തച്ചക്കോട് അങ്കണവാടി റൂഫിംഗം ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 208/22 (437/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 600000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. രാജേഷ് .എസ്.(463278.84രൂ.) |
| എഗ്രിമെന്റ് നം/തീയതി | 164/AE/LSGD/EDML/20-21/18.2.21 |

| | |
|---|---|
| ബിൽ നം./തീയതി, തുക | 123/20-21/29.3.2021, 318304/- രൂ.<br>16/21-22/4.1.2022, 199711/- രൂ. |
| എം. ബുക്ക് നമ്പർ | 157/20-21 |

ചെലവിന്റെ വിശദാംശം

CC-I & PART

ആകെ പ്രവൃത്തിമൂല്യം - 291487/-

(-) റിട്ടെൻഷൻ 2.5% - 7287/-

---------

284200/-

(+) 12% GST - 34104/-

-------------

318304/-

(-) IT 1% -2842

WWF 1% -2842

SGST 1%- 2842

CGST 1% – 2842

----------------

11368/-

===========

കരാറുകാരന് നൽകിയത്- 306936/- രൂ.

CC-II & FINAL

ആകെ പ്രവൃത്തിമൂല്യം - 171026/-

(+) റിട്ടെൻഷൻ 2.5% – 7287/-

--------

178313/-

(+) 12% GST - 21398/-

----------

199711/-

(-) IT 1% -1783

WWF 1% -1783

SGST 1%- 1783

CGST 1% -1783

Fine – 4625/-

--------------

11757/-

===========

കരാറുകാരന് നൽകിയത്- 187954/- രൂ.

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അളവുകളുടെ ആവർത്തനം

പ്രോജക്ട് നം. 205/22- എം.ബുക്ക് നം.142/21-22, പേജ് നം,1-ൽ ഇനം-3- 80x40mm Size Tube റാഫ്റ്ററിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

3x12=36

4x6=24

12x5.40=64.80.

ആകെ 124.8m @2.58Kg/m=321.98Kg.

എസ്റ്റിമേറ്റ് അളവായ 320Kg-യിൽ പരിമിതപ്പെടുത്തി 128.02/Kg നിരക്കിൽ 40966.40രൂ. അനുവദിച്ചിട്ടുണ്ട്(എം.ബുക്ക് പേജ് നം.4). ഇത്തരത്തിൽ ആകെ 19 എണ്ണം (3+4+12=19) റാഫ്റ്ററുകൾ മാത്രമാണ് റൂഫിംഗിനായി ഉപയോഗിച്ചിട്ടുള്ളതെന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ പ്രോജക്ട് നം. 208/22- എം.ബുക്ക് നം.157/20-21, പേജ് നം.17,18-ൽ ഇനം-4- 80x40mm Size Tube റാഫ്റ്ററിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

3x12=36

4x6=24

2x5.40=10.80.

ആകെ 70.8m @2.58Kg/m=182.664Kg. @80.7204/Kg=14745/-രൂ.

റാഫ്റ്ററിന്റെ സ്പെസിമെൻ നിശ്ചിത നീളം തൂക്കി അത് Kg/m -ലേക്ക് പരിവർത്തനം ചെയ്താണ് ഭാരം കണക്കാക്കിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടിലും പ്രസ്തുത ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (LSGD)യുടെ സാന്നിദ്ധ്യത്തിൽ 27.2.23-ൽ നടത്തിയ സ്ഥല പരിശോധന, മേൽ സൂചിപ്പിച്ച രണ്ടു പ്രോജക്ടുകളുടെ എം.ബുക്കുകളിലെ രേഖപ്പെടുത്തലുകളുടെ താരതമ്യം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് നം.208/22 പ്രകാരം എം.ബുക്ക് നം.157/20-21-ൽ രേഖപ്പെടുത്തിയിട്ടുള്ളത് ആവർത്തനമാണെന്ന് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ പ്രോജക്ട് നം.208/22 പ്രകാരം അധികം ചെലവഴിച്ച 14745/-രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

2. അളവിൽ വ്യത്യാസം- തുക അധികം നൽകി.

പ്രോജക്ട് നം. 208/22- എം.ബുക്ക് നം.157/20-21, പേജ് നം.118-ൽ ഇനം-4- 30x30mm Size Tube പർലിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

1x6= 6

14x13.50=203

ആകെ 209 M ആണ് കണക്കാക്കിയത്.

യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്ന അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1x6=6

14x13.50=189

ആകെ = 195m.

വ്യത്യാസം=209-195=14mx1.258=17.612Kg

17.612Kg @ 80.7204/Kg നിരക്കിൽ അനുവദിച്ച 1422/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

ക്രമ നം.1,2 എന്നിവ പ്രകാരം നിരാകരിച്ച ആകെ തുക 16167/- രൂ. കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/8.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.
നിരാകരിച്ച തുക – 16167/- രൂ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാരം- കയറ്റിറക്ക് കടത്ത് കൂലി ഇനത്തിൽ അധികമായി തുക അനുവദിച്ചു.

2021-22 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.31 അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിയിൽ സപ്ലൈകോയിൽ നിന്നും ആഹാര സാധനങ്ങൾ എത്തിച്ച നൽകുന്നതിന് സ്വീകരിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്കായ കിലോഗ്രാമിന് 1.47 രൂപ രേഖപ്പെടുത്തിയ ശ്രീ ഖായിസ് ഖാൻ എന്ന വ്യക്തിക്ക് 16.07.2021ലെ കമ്മിറ്റി തീരുമാനം അനുസരിച്ച് ആയത് അംഗീകരിച്ച നൽകി. എന്നാൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ടിയാന് ഈ നിരക്കിൽ അധികമായി തുക നൽകി.

| ക്രമ നം. | ബിൽ നമ്പർ | ബിൽ പ്രകാരമുള്ള ആഹാര സാധനങ്ങൾ (കി.ഗ്രാം) | അനുവദിക്കേണ്ട തുക | അനുവദിച്ച തുക, തീയതി | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 0204109/21622 തീയതി 30.09.21 | 10618 | 15608 | 20029 | 4421 |
| 2 | 0204109/21847 തീയതി 29.11.21 | 10970 | 16126 | 16725 | 599 |
| 3 | 0204109/21142 തീയതി 31.12.21 | 2150 | 3160.5 | 3504.5 | 344 |
| 4 | 0204109/211392 തീയതി 29.01.22 | 10466 | 15385 | 17059 | 1674 |
| | | | | ആകെ | 7038 |

അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി മറ്റൊരു തുകയെ പരാമർശിച്ചിട്ടുള്ളതായിരുന്നു.ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 04/28.02.2023

നിരാകരണം - 7038/-രൂപ

3-2 ഒരേ പ്രവൃത്തിക്കായി രണ്ടു പ്രോജക്ടുകൾ-അളവുകളിൽ ആവർത്തനം, അളവ് കണക്കാക്കിയതിൽ വ്യത്യാസം-16167/- രൂ.നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 205/22 (432/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | തച്ചക്കോട് അങ്കണവാടി റൂഫിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 100000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. രാജേഷ് .എസ്.(0.02% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 144/AE/LSGD/EDML/20-21/20.10.20 |
| ബിൽ നം./തീയതി, തുക | 10/21-22/22.12.2021, 98072/- രൂ. |
| എം. ബുക്ക് നമ്പർ | 142/21-22 |

ചെലവിന്റെ വിശദാംശം

CC-I & FINAL

ആകെ പ്രവൃത്തിമൂല്യം - 87582/-

(-) ടെണ്ടർ കുറവ് - 18/-

---------

87564/-

(+) 12% GST - 10508 /-

----------

98072/-

(-) IT 1% -876

WWF 1% -876

SGST 1%- 876

CGST 1% - 876

ഫൈൻ- 876

------------

4380/-

കരാറുകാരന് നൽകിയത്- 93692/- രൂ.

===========

"തച്ചക്കോട് അങ്കണവാടി റൂഫിംഗ് " എന്ന പ്രസ്തുത പ്രോജക്ടിൽ (നം.205/22)ഉൾപ്പെട്ടിരുന്ന ഏതാനും ചില ഇനങ്ങളുടെ തുക/ബാക്കി തുക നൽകിയത് പ്രോജക്ട് നം.208/22-ൽ (സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ) ഉൾപ്പെടുത്തിയാണ്. എസ്റ്റിമേറ്റ് അപ്പൻഡിക്സ് (1) ആയി ജി.എൽ.പി.എസ്, തടിക്കാട് റൂഫിംഗും, അപ്പൻഡിക്സ് (2) ആയി തച്ചക്കോട് അങ്കണവാടി റൂഫിംഗും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 208/22 (437/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ |
| നിർവഹണം | അസി.എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ തുക | 600000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. രാജേഷ് .എസ്.(463278.84രൂ.) |
| എഗ്രിമെന്റ് നം/തീയതി | 164/AE/LSGD/EDML/20-21/18.2.21 |
| ബിൽ നം./തീയതി, തുക | 123/20-21/29.3.2021, 318304/- രൂ.<br>16/21-22/4.1.2022, 199711/- രൂ. |
| എം. ബുക്ക് നമ്പർ | 157/20-21 |

ചെലവിന്റെ വിശദാംശം

CC-I & PART

ആകെ പ്രവ്യത്തിമൂല്യം - 291487/-

(-) റിട്ടെൻഷൻ 2.5% - 7287/-

---------

284200/-

(+) 12% GST - 34104/-

----------

318304/-

(-) IT 1% -2842

WWF 1% -2842

SGST 1%- 2842

CGST 1% -2842

------------

11368/-

കരാറുകാരന് നൽകിയത്- 306936/- രൂ.

===========

CC-II & FINAL

ആകെ പ്രവ്യത്തിമൂല്യം - 171026/-

(+) റിട്ടെൻഷൻ 2.5% - 7287/-

--------

178313/-

(+) 12% GST - 21398/-

----------

199711/-

(-) IT 1% -1783

WWF 1% -1783

SGST 1%- 1783

CGST 1% – 1783

Fine – 4625

------------

11757/-

കരാറുകാരന് നൽകിയത്- 187954/- രൂ.

===========

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അളവുകളുടെ ആവർത്തനം

പ്രോജക്ട് നം. 205/22- എം.ബുക്ക് നം.142/21-22, പേജ് നം,1-ൽ ഇനം-3- 80x40mm Size Tube റാഫ്റ്ററിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

3x12=36

4x6=24

12x5.40=64.80.

ആകെ 124.8m @2.58Kg/m=321.98Kg.

എസ്റ്റിമേറ്റ് അളവായ 320Kg-യിൽ പരിമിതപ്പെടുത്തി 128.02/Kg നിരക്കിൽ 40966.40രൂ. അനുവദിച്ചിട്ടുണ്ട്(എം.ബുക്ക് പേജ് നം.4). ഇത്തരത്തിൽ ആകെ 19 എണ്ണം (3+4+12=19) റാഫ്റ്ററുകൾ മാത്രമാണ് റൂഫിംഗിനായി ഉപയോഗിച്ചിട്ടുള്ളതെന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ പ്രോജക്ട് നം. 208/22- എം.ബുക്ക് നം.157/20-21, പേജ് നം.17,18-ൽ ഇനം-4- 80x40mm Size Tube റാഫ്റ്ററിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

3x12=36

4x6=24

2x5.40=10.80.

ആകെ 70.8m @2.58Kg/m=182.664Kg. @80.7204/Kg=14745/-രൂ.

റാഫ്റ്ററിന്റെ സ്പെസിമെൻ നിശ്ചിത നീളം തൂക്കി അത് Kg/m -ലേക്ക് പരിവർത്തനം ചെയ്താണ് ഭാരം കണക്കാക്കിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടിലും പ്രസ്തുത ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (LSGD)യുടെ സാന്നിദ്ധ്യത്തിൽ 27.2.23-ൽ നടത്തിയ സ്ഥല പരിശോധന, മേൽ സൂചിപ്പിച്ച രണ്ടു പ്രോജക്ടുകളുടെ എം.ബുക്കുകളിലെ രേഖപ്പെടുത്തലുകളുടെ താരതമ്യം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് നം.208/22 പ്രകാരം എം.ബുക്ക് നം.157/20-21-ൽ രേഖപ്പെടുത്തിയിട്ടുള്ളത് ആവർത്തനമാണെന്ന് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ പ്രോജക്ട് നം.208/22 പ്രകാരം അധികം ചെലവഴിച്ച 14745/-രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

2. അളവിൽ വ്യത്യാസം- തുക അധികം നൽകി.

പ്രോജക്ട് നം. 208/22- എം.ബുക്ക് നം.157/20-21, പേജ് നം.118-ൽ ഇനം-4- 30x30mm Size Tube പർലിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന തരത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

1x6= 6

14x13.50=203

ആകെ 209 M ആണ് കണക്കാക്കിയത്.

യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്ന അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1x6=6

14x13.50=189

ആകെ 195m.

വ്യത്യാസം=209-195=14mx1.258=17.612Kg

17.612Kg @ 80.7204/Kg നിരക്കിൽ അനുവദിച്ച 1422/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

ക്രമ നം.1, 2 എന്നിവ പ്രകാരം നിരാകരിച്ച ആകെ തുക 16167/- രൂ. കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/8.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 27/2/2023 & 28/2/2023 | കെ.എസ്.എ.കെ.എൽഎം. പി1/405/23, 03.04.23 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 82552 | 51/22 | 82552 | |
| | | 650000 | 85/22 | 650000 | |
| | | 17600 | 88/22 | 17600 | |
| | | 300000 | 34/22 | 300000 | |
| | | 1100000 | 77/22 | 1100000 | |
| | | 100000 | 31/22 | 100000 | |
| | | 500000 | 220/22 | 500000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 280000 | 85/22 | 280000 | |
| | | 300000 | 34/22 | 300000 | - |
| | | 100000 | 31/22 | 100000 | - |
| | | 300000 | 165/22 | 300000 | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 19/31.1.22 | 3394000/- | 2641945 | 752055/- (വിനിയോഗ ശേഷം ശേഷിച്ച തുക തിരികെ ലഭിച്ചു. വ,1-16 കാണുക) |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | | 145857/-<br>59319/-<br>38460/- | 145857/-<br>59319/-<br>38460/- | - |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 123/6.10.21<br>250/23.12.21<br>250/23.12.21<br>335/4.2.22<br>335/4.2.22<br>336/4.2.22<br>431/15.3.22<br>431/15.3.22 | 1296230/<br>196706/-<br>589410/-<br>785880/-<br>1180236/-<br>53100/-<br>113339/-<br>108206/- | 1296230/<br>196706/-<br>589410/-<br>785880/-<br>1180236/-<br>53100/-<br>113339/-<br>108206/- | - |
| GWD | കുഴൽക്കിണർ നിർമ്മാണം | 20/27.3.22 | 103000/- | 103000/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13200000/- രൂപ വരവുണ്ട്. ടി തുകയിൽ 11959716/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | ലഭ്യമല്ല. | 13200000/- | 12892958/- | 4341333/- | | 21751625/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 826894 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശവരവ്) | 59558 |

| | |
|---|---|
| ആകെ | 886452 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 886452 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | അറയ്ക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25.2.2021 | ഒരു വർഷം | 886452 | - |
| ആകെ | | | | 886452 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9425/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-6 | 9425/- | ശ്രീ.സഞ്ജയൻ.എസ്(മുൻ സെക്രട്ടറി) | 121040100808/24.6.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5020/- | ശ്രീമതി പ്രേമ എൽ. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-1 | | 2018/- | ശ്രീമതി സോണി എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-2 | | 16167/- | ശ്രീ. സുനിൽ കുമാർ പി., അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 198240/- | ശ്രീമതി പത്മജ തോമസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 1929216/- | ഡോ. എലിസബത്ത് എബ്രഹാം, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-24 | 17200/- | ഡോ. എലിസബത്ത് എബ്രഹാം, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പത്മജ തോമസ്, സെക്രട്ടറി | വിരമിച്ചു. | സ്നൈലാർക്ക്, ഇരുമരം, കരിപ്പൂർ പി.ഒ. നെടുമങ്ങാട് |
| ഡോ. എലിസബത്ത് എബ്രഹാം, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. തടിക്കാട് | റോസ് ലാന്റ്, പുലമൺ, കൊട്ടാരക്കര |
| ശ്രീമതി പ്രേമ എൽ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാമനപുരം | മിന്നാരം പുതുകുളങ്ങര പി.ഒ. നെടുമങ്ങാട് |
| ശ്രീമതി സോണി എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | എച്ച്.എസ്.എസ്.ടി. പാലക്കാട് | സോണി സദനം, ചെമ്പകരാമനല്ലൂർ, അഞ്ചൽ പി.ഒ. |
| ശ്രീ. സുനിൽ കുമാർ പി., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | സുനിൽ ഭവൻ, അത്രൂർ മുളക്കലത്ത് കാവ് തട്ടത്തുമല, കിളിമാനൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിലുള്ള ഖണ്ഡികകൾ |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/440(1)/21-03-2018 | 2 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/440(2)/21-03-2018 | 1 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/440(3)/21-03-2018 | 2 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/440(4)/21-03-2018 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/440(5)/21-03-2018 | 10 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/440(6)/21-03-2018 | 6 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/440(7)/21-03-2018 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/440(8)/21-03-2018 | 2 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 | 18 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 | 14 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 | 5 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19 | 6 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2011-12& 2012-13 /859/22 തീയതി 23.08.22 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2013- 2014 &2014-15 /859/22 തീയതി 23.08.22 | 11 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2015-16 /859/22 തീയതി 23.08.22 | 10 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 | " |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 | " |
| 2019-20 | കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021 | " |
| 2020-21 | കെ.എസ്എ-കെഎൽ എം/പി1/719/2022/23.07.2022 | " |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്